പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4036 — 03.02.2014-ൽ മറുപടിക്ക്

## മദർ ആന്റ് ചൈൽഡ് ഹെൽത്ത് ട്രാക്കിംഗ് സിസ്റ്റം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. ഉമ്മർ : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ആരോഗ്യവകുപ്പിൽ മദർ ആന്റ് ചൈൽഡ് ഹെൽത്ത് ട്രാക്കിംഗ് സിസ്റ്റം നടപ്പിലാക്കി മൂന്നുവർഷ മായിട്ടും സബ്സെന്റർ തലത്തിൽ ജെ.പി.എച്ച്.എൻ. മാർക്ക് മദർ ആന്റ് ചൈൽഡ് ഹെൽത്ത് ഡീറ്റെയ്ൽസ് രേഖപ്പെടുത്തുന്നതിന് സൗകര്യം ലഭ്യമാക്കിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ ; | (എ) ആരോഗ്യവകുപ്പിൽ എൻ.ആർ.എച്ച്.എം -ൽ നിന്ന് മദർ ആന്റ് ചൈൽഡ് ഹെൽത്ത് ട്രാക്കിംഗ് സിസ്റ്റം നടപ്പാക്കുന്നതിനു മുൻപു തന്നെ എല്ലാ പി.എച്ച്.സി. കളിലും മറ്റു ആശുപത്രികളിലും കമ്പ്യൂട്ടർ നൽകിയിട്ടുണ്ട്. മദർ ആന്റ് ചൈൽഡ് ഹെൽത്ത് ട്രാക്കിംഗ് സിസ്റ്റം ആരംഭിച്ചതോടുകൂടി ലേഡി ഹെൽത്ത് ഇൻസ്പെക്ടറുടേയും, ലേഡി സൂപ്പർവൈസറുടെയും അധീനതയിൽ ഭൂരിഭാഗം സ്ഥാപനങ്ങളിലും രണ്ടാമതൊരു കമ്പ്യൂട്ടർ കൂടി നൽകിയിട്ടുണ്ട്. പ്രസ്തുത കമ്പ്യൂട്ടർ നന്നാക്കുന്നതിനുവേണ്ടി ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുമുണ്ട്. ആരോഗ്യവകുപ്പിന്റെ കീഴിലുള്ള എല്ലാ ആശുപത്രികളിലും ഇന്റർനെറ്റ് സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. സാങ്കേതിക കാരണങ്ങളാൽ പി.എച്ച്.സി, സി.എച്ച്.സി തുടങ്ങിയ ആരോഗ്യ സ്ഥാപനങ്ങളിൽ വിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്താൻ കഴിയാതെ വന്നാൽ (കമ്പ്യൂട്ടറുകൾ കേടുവരുക മൂലമോ, നെറ്റ് ലഭ്യമല്ലാതെ വരുകയോ) പുറമെയുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്താവുന്നതും ആയതിന് ചെലവാകുന്ന തുക ഫണ്ടിൽ നിന്നും ലഭ്യമാക്കാവുന്നതുമാണെന്നുള്ള ഉത്തരവ് നിലവിലുണ്ട്. |
| (ബി) പ്രസ്തുത സൗകര്യം അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വകുപ്പ് തലത്തിൽ നിർദ്ദേശം കൊടുക്കുമോ ; വ്യക്തമാക്കാമോ ; എങ്കിൽ എന്നത്തേക്ക് നടപ്പിലാക്കുമെന്ന് വിശദമാക്കാമോ ? | (ബി) കമ്പ്യൂട്ടറുകൾ നന്നാക്കുന്നതിലും, നന്നാക്കാൻ സാധിക്കാത്ത പക്ഷം മാറ്റി നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ